"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - 2021 ലെ ടോക്യോ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച ശ്രീ. അലക്സ് ആന്റണിയ്ക്ക് സ്വീകരണ ചടങ്ങ് സംഘടിപ്പിക്കുന്നതിലേക്കായും അവാർഡ് തുക നൽകുന്നതിലേക്കായും കരുംകുളം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽനിന്നും തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം.2107/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/10/2021

---

പരാമർശം:- 1. കരുംകുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച 04/10/2021 ലെ അപേക്ഷ

<u>ഉത്തരവ്</u>

കരുംകുളം ഗ്രാമപഞ്ചായത്തിൽ പുല്ലുവിള ഇരയിമ്മൻതുറ പുരയിടത്തിൽ ശ്രീ. അലക്സ് ആന്റണി എന്നവർ 2021 ലെ ടോക്യോ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മിക്സഡ് റിലേ ടീമിൽ ഇടം നേടിയിരുന്നു. അതലറ്റിക്സിൽ കേരളത്തിന്റെ യശസ് ഉയർത്തിയ ശ്രീ. അലക്സ് ആന്റണിയ്ക്ക് ഉചിതമായ സ്വീകരണ ചടങ്ങ് സംഘടിപ്പിക്കുന്നതിലേക്കായി ഒരു ലക്ഷം രൂപയും അവാർഡ് തുകയായി ഒരു ലക്ഷം രൂപയും നൽകുന്നതിനുള്ള അനുവാദത്തിന് കമ്മറ്റി തീരുമാനത്തിന്റെ പകർപ്പ് സഹിതം കരുംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2021 ലെ ടോക്യോ ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് മിക്സഡ് റിലേ ടീമിൽ ഇടം നേടി അത് ലറ്റിക്സിൽ കേരളത്തിന്റെ യശസ് ഉയർത്തിയ ശ്രീ. അലക്സ് ആന്റണിയ്ക്ക് ഉചിതമായ സ്വീകരണ ചടങ്ങ് സംഘടിപ്പിക്കുന്നതിലേക്കായി ഒരു ലക്ഷം രൂപയും അവാർഡ് തുക നൽകുന്നതിലേക്കായി ഒരു ലക്ഷം രൂപയും കരുംകുളം ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Ganga G R
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്,കരുംകുളം ഗ്രാമ പഞ്ചായത്ത്
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ പി എസിന്

ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസിന്